# തെങ്ങുകയറാൻ ഇനി അസം യുവാക്കളും

രാജപുരം: വീട്ടുജോലിക്കായി നാളികേരത്തിന്റെ നാട്ടിലെത്തിയ അസം യുവാക്കൾ ഇനി തെങ്ങുകയറ്റക്കാർ. ജോലിക്കെത്തിയ വീട്ടിൽ തെങ്ങുകയറാൻ ആളെ കിട്ടാതെ വന്നതോടെയാണ് അസമുകാരായ ദിനുവും സോഹനും തെങ്ങ്കയറ്റം പഠിക്കുന്നത്. തെങ്ങുകൾ കുറവായ സ്വന്തം നാട്ടിൽ സാധ്യത കുറവാണെന്നറിഞ്ഞിട്ടും കേരളത്തിലെ തൊഴിൽസാധ്യതയാണ് തെങ്ങുകയറ്റപരിശീലനം നേടാൻ ഇവരെ പ്രേരിപ്പിച്ചത്.

കൊട്ടോടി മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന തെങ്ങുകയറ്റ പരിശീലനകേന്ദ്രത്തിലാണ് ഇവർ പരിശീലനം ഉത്സാഹത്തോടെ നടത്തുന്നത്. പരിശീലനത്തിന്റെ ഭാഗമായി നടത്തിയ തെങ്ങുകയറ്റ മത്സരത്തിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയതും 21 വയസ്സുള്ള ഈ യുവാക്കൾ തന്നെ!

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അഞ്ചു വർഷം മുമ്പാണ് ദിനുവും സോഹനും പനത്തടി സ്വദേശിയുടെ വീട്ടിൽ ജോലിക്കെത്തിയത്. ജോലിക്കെത്തിയ വീട്ടിൽ തെങ്ങുകയറാൻ ആളെ കിട്ടാതെ വന്നതോടെയാണ് തെങ്ങുകയറ്റ പരിശീലനം എന്ന ചിന്ത ഇരുവരുടെയും മനസ്സിൽ ഉദിച്ചത്.

കേന്ദ്രനാളികേരവികസന ബോർഡിന്റെ സഹായത്തോടെ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന തെങ്ങുകയറ്റ പരിശീലനത്തിൽ രണ്ട് സ്ത്രീകളുൾപ്പെടെ ഇരുപതുപേരാണ് പരിശീലനം നേടിയത്. സൗജന്യമായി നടത്തുന്ന തെങ്ങുകയറ്റ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് തെങ്ങുകയറ്റയന്ത്രവും കേന്ദ്ര നാളികേര വികസന ബോർഡിന്റെ സർട്ടിഫിക്കറ്റും ഭക്ഷണവും താമസസൗകര്യവും നൽക്കുന്നു. രണ്ടുലക്ഷം രൂപയുടെ സൗജന്യ അപകട ഇൻഷുറൻസ് പരിരക്ഷയുമുണ്ട്. തെങ്ങ് കയറ്റ പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 9400097845 നമ്പറിൽ വിളിക്കാം.



കൊട്ടോടി മാസ് ട്രയിനിങ് സെന്ററിൽ തെങ്ങുകയറ്റത്തിലേർപ്പെട്ട അസം സ്വദേശികൾ